"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് - പൊതുഭരണ സെക്രട്ടേറിയറ്റിലെ ഡ്രൈവർമാരുടെ ഏസ്റ്റാബ്ലിഷ്മെന്റ് വീൽസിന്റെ നോഡൽ സെക്ഷനായ പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ്

സ.ഉ.(കൈ) നം.54/2022/GAD തീയതി,തിരുവനന്തപുരം, 04-04-2022

---

പരാമർശം:- 1. സ.ഉ.(കൈ)നം.229/2020/പൊ.ഭ.വ, തീയതി 25.11.2020

2. സ.ഉ.(സാധാ)നം.4545/2021/പൊ.ഭ.വ, തീയതി 25/11/2021

## ഉത്തരവ്

സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ ഇലക്ട്രോണിക് സംവിധാനം വഴി ഏകോപിക്കുന്നതിനായി ധനകാര്യ വകുപ്പ് വികസിപ്പിച്ചെടുത്ത വീൽസ് പോർട്ടലിന്റെ പൊതുഭരണ സെക്രട്ടേറിയറ്റിന്റെ നോഡൽ സെക്ഷനായി പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിനെ സൂചന 2 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുഭരണ സെക്രട്ടേറിയറ്റിലെ വാഹനങ്ങളുടെ വിവരങ്ങൾ, പരിപാലനം/അറ്റകുറ്റപണികൾ, ലോഗ് ബുക്ക് എന്നിവ 'വീൽസ്' പോർട്ടലിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കൺട്രോളിംഗ് ഓഫീസർമാർ രേഖപ്പെടുത്തുന്നത് പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിന്റെ മേൽനോട്ടത്തിലാണ്.

പൊതുഭരണ സെക്രട്ടേറിയറ്റിലെ ഡ്രൈവർമാരുടെ ജോലി ക്രമീകരണം, വാഹനങ്ങൾ ഉദ്യോഗസ്ഥർക്ക് അനുവദിച്ചു നൽകൽ എന്നിവ കാര്യക്ഷമമായി ഉറപ്പ് വരുത്തുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനത്തിന്റെ ആവശ്യകത ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് വഴി പൊതുഭരണ സെക്രെട്ടറിയറ്റിയിൽ നടത്തിയ പ്രവൃത്തി പഠനത്തിൽ ബോധ്യപ്പെടുകയും അതിനായി പൊതുഭരണ ( സർവീസസ് -എച്ച് ) വകുപ്പിനെ ചുമതലപ്പെടുത്താം എന്നുള്ള ഉത്തരവാവുകയും ചെയ്തിരുന്നു. എന്നാൽ 'വീൽസ്' പോർട്ടൽ കൈകാര്യം ചെയ്യുന്നതിനായി പൊതുഭരണ (കംപ്യൂട്ടർ സെൽ) വകുപ്പിനെ ചുമതലപ്പെടുത്തിയ സാഹചര്യത്തിൽ പൊതുഭരണ സെക്രട്ടേറിയറ്റിലെ വാഹനങ്ങളുടെ അലോട്ട്മെന്റ്, പരിപാലനം, ഡ്രൈവർമാരുടെ ജോലി ക്രമീകരണം എന്നിവ നിയന്ത്രിക്കുന്ന ഏകീകൃത സംവിധാനമെന്ന നിലയ്ക്ക്, പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിൽ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഡ്രൈവർമാരുടെ ഏസ്റ്റാബ്ലിഷ്മെന്റ് സംബന്ധിയായ വിഷയങ്ങൾ വീൽസിന്റെ നോഡൽ സെക്ഷനായ പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡ്രൈവർമാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിയായ മുഴുവൻ ഫയലുകൾ, രേഖകൾ, എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ കൂടാതെ ഡ്രൈവർതസ്തികയുടെ എണ്ണം, നിലവിൽ നിയമിച്ചിരിക്കുന്നവരുടെ പേര് വിവരങ്ങൾ, നിലവിൽ ജോലി ചെയ്യുന്ന വകുപ്പ്, ഒഴിവുകളുടെ

എണ്ണം, ഡെപ്യൂട്ടേഷൻ വിവരങ്ങൾ എന്നിവയുടെ അംഗീകരിച്ച ലിസ്റ്റ് പൊതുഭരണ (സർവീസ്-സി) വകുപ്പ് ഉടൻ തന്നെ പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പിന് കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ (സർവ്വീസസ്) വകുപ്പ്
പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഡിറ്റ്, കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്&ന്യൂ മീഡിയ)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്
പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ